(ബി) ചില സ്കൂൾ സഹകരണ സംഘങ്ങൾ ബാദ്ധ്യത തീർക്കുന്ന കാര്യത്തിൽ വീഴ്ച വരുത്താറുണ്ട്. ചില സംഘങ്ങൾ ശിക്ഷണനടപടികൾ ആരംഭിക്കുമ്പോൾ മാത്രമാണ് പണമടച്ച് ബാദ്ധ്യതകൾ തീർക്കുവാൻ തുനിയുന്നത്. ഈ സാഹചര്യത്തിൽ ലോൺ തുക വർദ്ധിപ്പിക്കുന്നത് അഭികാമ്യമാണെന്ന് ഗവൺമെന്റിന് തോന്നുന്നില്ല.

പാഠപുസ്തകങ്ങൾ അച്ചടിച്ചതിന് ചെലവായ തുക

956 [1151] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തകങ്ങളുടെ അച്ചടിയിൽ ഗവൺമെന്റിന് ഈ വർഷം വരുന്ന അധികച്ചെലവ് എത്രയാണ്?

ഉത്തരം

എത്ര വരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

പാഠപുസ്തകങ്ങളുടെ അച്ചടിയിലെ ക്രമക്കേടുകൾ

957 [1152] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കാനം രാജേന്ദ്രൻ:
,, കെ. ടി. കണ്ണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങളുടെ ഇക്കൊല്ലത്തെ അച്ചടിയിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അന്വേഷണം നടത്തി സത്യാവസ്ഥ വെളിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാഠപുസ്തകങ്ങളുടെ അച്ചടിയിൽ ക്രമക്കേടുകളുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പാഠപുസ്തകങ്ങളുടെ അച്ചടി ജോലി പ്രൈവറ്റ് പ്രസ്സുകളിൽ ഏൽപ്പിച്ചതിനെ സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുണ്ട്. അവ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അച്ചടി സംബന്ധമായ ജോലികൾ നിയമാനുസൃതമായിട്ടുതന്നെയാണ് പ്രസ്സുകളെ ഏൽപ്പിച്ചിട്ടുള്ളത്. ആരോപണങ്ങൾ, അടിസ്ഥാനരഹിതമായതിനാൽ അന്വേഷണം നടത്തുന്നപ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly